## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2308 — 01.04.2013-ൽ മറുപടിയ്ക്ക്

**രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

**ചോദ്യം** — **മറുപടി**

ശ്രീ. ജി. സുധാകരൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| എ) ആലപ്പുഴ ജില്ലയിൽ വിവിധ രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ലാപ്സായതായി വന്നിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; (ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എന്തു തുകയാണ് വിവിധ രോഗപ്രതിരോധബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയ്ക്ക് 2012-13-ൽ അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കുമോ; | സി) പകർച്ചവ്യാധി രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും എന്ന സ്കീമിൽ ഉൾപ്പെടുത്തി 10,57,000/- രൂപ നാളിതുവരെ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്കു നൽകിയിട്ടുണ്ട്. 9,34,595/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) ഫ്ളൂറൈഡ് കലർന്ന വെള്ളം ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഫ്ളൂറോസിസ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും, ഏതെല്ലാം പ്രദേശങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ? | (ഡി) ഫ്ളൂറോസിസ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് പാലക്കാട് ജില്ലയിൽ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 23 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയ്ക്കു വേണ്ടി 42.1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ജീവനക്കാരെ തിരഞ്ഞെടുക്കുകയും വിവിധ ആവശ്യങ്ങൾക്കു തുക വിനിയോഗിക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ